


# വി. ജോൺ മരിയ വിയാനി

ബ്രദർ. അമൽ ചിറമുകത്ത് MCBS

Vol. 11, Issue: 8

ദിവ്യകാരുണ്യ ഈശോയിൽ എത്രയും സ്നേഹം നിറഞ്ഞ വൈദികരേ, പ്രിയസഹോദരങ്ങളേ,

“ആർസിലേയ്ക്കുള്ള വഴി എനിക്ക് കാണിച്ചുതരിക. എന്നാൽ, സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി നിനക്കു ഞാൻ കാണിച്ചുതരാം” എന്ന് പറഞ്ഞുകൊണ്ട് ആർസ് എന്ന കൊച്ചു ഗ്രാമത്തിൽ എത്തിച്ചേരുകയും ഒടുവിൽ ആർസിലേയ്ക്കുള്ള വഴി സ്വർഗ്ഗത്തിലേയ്ക്കുള്ള ചവിട്ടുപടിയാക്കിത്തീർക്കുകയും ചെയ്ത ഒരു വിശുദ്ധൻ. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുകയാണ് ഒരു പുരോഹിതന്റെ ദൗത്യമെന്ന് തിരിച്ചറിയുകയും, “നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും” എന്ന് പറഞ്ഞുകൊണ്ട് നിത്യപുരോഹിതനായ ഈശോ ശിഷ്യന്മാർ വഴി സഭയെ ഭരമേൽപിച്ച വി. കുമ്പസാരമെന്ന കൂദാശയെ അതിന്റെ പൂർണ്ണതയിൽ അർപ്പിക്കാൻ പരിശ്രമിച്ചതുവഴി കുമ്പസാരക്കൂട്ടിലെ രക്തസാക്ഷി എന്ന് അറിയപ്പെടുന്ന ഒരു വ്യക്തിത്വം.

മെലിഞ്ഞുണങ്ങിയ ശരീരവും കവിളൊട്ടിയ മുഖവും കൂപ്പിയ കൈകളും ശാന്തമായ മുഖവുമായി ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഒരു വിശുദ്ധൻ. വി. ജോൺ മരിയ വിയാനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ നമ്മുടെയുള്ളിൽ നിറയുന്ന ഏതാനും ചിന്തകളാണിവ. എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന ഗുരുവിന്റെ വാക്കുകളെ നെഞ്ചോടുചേർത്ത് കണ്ണുനീരിന്റെ മാമ്മോദീസായിലൂടെ നിത്യപുരോഹിതനായ ഈശോയ്ക്ക് അനേകം ആത്മാക്കളെ നേടിയ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

മൈനർ സെമിനാരിയിൽ വന്ന നാൾ മുതൽ ഓരോ വൈദികവിദ്യാർത്ഥിയും കേൾക്കുന്ന ഒരു വാചകമുണ്ട്: “ഓരോ ദൈവവിളിയും ഒരു ജനതയുടെ നിലവിളിക്കുള്ള ഉത്തരമാണ്.” അത്തരത്തിൽ ചിന്തിക്കുമ്പോൾ ഒരു കാലഘട്ടത്തിന്റെ നിലവിളിക്കുള്ള ദൈവത്തിന്റെ ഉത്തരമായിരുന്നു വിയാനിയച്ചന്റെ തെരഞ്ഞെടുപ്പ്.

ഫ്രഞ്ച് വിപ്ലവത്തിന്റെ ആക്രമണത്താൽ വികൃതമായിത്തീർന്ന സഭയുടെ മുഖത്തെ വിയാനിയച്ചൻ ആത്മാർത്ഥമായി സ്നേഹിച്ചു. പള്ളിയെന്നോ പട്ടക്കാരനെന്നോ ഉള്ള വാക്കുകൾ അവജ്ഞ മാത്രം ക്ഷണിച്ചുവരുത്തുന്നതായിരുന്നിട്ടും ഒരു വൈദികനായിത്തീരണം എന്നതിൽ നിന്നും അദ്ദേഹം പിന്നോട്ടുപോയില്ല. ലോകത്തിന്റേതായ മാനദണ്ഡങ്ങൾക്കു മുമ്പിൽ പരാജയപ്പെട്ടപ്പോഴും പലതവണ തിരസ്കൃതനായപ്പോഴും ‘കർത്താവേ, അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും’ എന്നു പ്രാർത്ഥിച്ച കുഷ്ഠരോഗിയെപ്പോലെ വിശുദ്ധനും പ്രാർത്ഥിച്ചു - “കർത്താവേ, അങ്ങേയ്ക്ക് ഹിതകരമെങ്കിൽ എന്നെ വൈദികനാക്കണമേ.”

ബാഹ്യദർശനത്തിനപ്പുറത്തേയ്ക്ക് ഹൃദയത്തിന്റെ നൈർമ്മല്യതയെ തിരിച്ചറിയുന്ന ദൈവം അദ്ദേഹത്തെ വൈദികപദവിയിലേയ്ക്ക് പിടിച്ചുയർത്തി. വിശ്വാസവും സഭാപ്രവർത്തനവും താറുമാറായ ആ സ്ഥിതിയിൽ ഏതെങ്കിലുമൊരു ചെറിയ ഇടവകയിൽ വേദപാഠം പഠിപ്പിക്കാൻ ഉപകരിക്കുമെന്നാണ് അധികാരികൾ വിയാനിയെക്കുറിച്ചു ചിന്തിച്ചത്. എന്നാൽ, അതേ വിയാനി തന്നെ വൈദികരുടെ മുഴുവൻ മദ്ധ്യസ്ഥനായിത്തീർന്നു എന്നതാണ് ചരിത്രം.

വൈദികരുടെ മദ്ധ്യസ്ഥനായിത്തീർന്ന വി. വിയാനിയുടെ തിരുനാൾ ആചരിക്കുന്ന ഈ അവസരത്തിൽ, പൗരോഹിത്യത്തിന്റെ പാതയിൽ സഞ്ചരിക്കുവാനായി വിളിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മുമ്പിലും ഏതാനും ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. അതിൽ ആദ്യത്തേതാണ് മിശിഹായുടെ മണവാട്ടിയായ സഭയെ നാം എത്രമാത്രം ഉള്ളുകൊണ്ട് സ്നേഹിക്കുന്നു എന്നത്. ഒരുപക്ഷേ, ഇന്നത്തെ സമൂഹത്തിൽ നാം ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്നതും ഇതേ ചോദ്യം തന്നെയാണ്.

സഭയുടെ തെറ്റുകളും കുറവുകളും ചാനലുകളിലെ ചർച്ചയ്ക്കും സോഷ്യൽ മീഡിയായിലെ ആഘോഷങ്ങൾക്കും വഴിമാറുമ്പോൾ പലപ്പോഴും നമ്മുടെ ഹൃദയവും ശിരസ്സും താണുപോകുന്നു. എന്നാൽ, സഭയുടെ കുറവുകൾ നിരത്തുന്നവരുടെ മുമ്പിൽ താണുപോകേണ്ടവരല്ല നമ്മളെന്ന് വിയാനിയച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളെ പ്രകീർത്തിച്ചുകൊണ്ട് സഭയെ സമൂഹത്തിന്റെ ശത്രുവായി ചിത്രീകരിച്ച ഒരു കാലഘട്ടത്തിലാണ് വി. വിയാനി ജീവിച്ചത്. കാലത്തിന്റെ പുഴുക്കുത്തുകൾ സഭയെ എല്ലാ കോണുകളിൽ നിന്നും ആക്രമിച്ചിട്ടും തള്ളിപ്പറഞ്ഞിട്ടും ഒരിക്കൽപ്പോലും വിയാനിയച്ചൻ സഭയോടുള്ള തന്റെ സ്നേഹത്തിൽ സംശയം പ്രകടിപ്പിച്ചില്ല. എന്തെന്നാൽ, എല്ലാ പീഢകളും ചെന്നവസാനിക്കുന്നത് ഉയിർപ്പിന്റെ മഹത്വത്തിലേയ്ക്കാണ്.

വിയാനിയച്ചന്റെ ജീവിതത്തിൽ വിളങ്ങിനിന്നിരുന്ന ഒരു സുകൃതമാണ് അധികാരികളോടും സഹോദരങ്ങളോടുമുള്ള വിധേയത്വം. പലതവണ തെറ്റിദ്ധരിക്കപ്പെട്ടപ്പോഴും കുറ്റപ്പെടുത്തിയപ്പോഴും തന്റെ ആത്മീയത കാപട്യമാണെന്ന് പറഞ്ഞപ്പോഴുമുള്ള വിയാനിയച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു: ''എന്റെ, അജ്ഞതയും കഴിവുകേടും ഞാൻ സമ്മതിക്കുന്നു. എന്റെ ആത്മാവിന്റെ കാര്യം ശ്രദ്ധിക്കാൻ താൽപര്യം കാണിച്ചതിൽ നന്ദി പറയുന്നു. ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണേമേ.''

നിന്നെ നിന്ദിക്കുന്ന വരെ സ്നേഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിച്ച ഈശോയുടെ വാക്കുകളാണ് തന്റെ ജീവിതത്തിലൂടെ വിയാനിയച്ചൻ നമുക്ക് പ്രാവർത്തികമാക്കി തരുന്നത്. അധികാരികളെയും സഹോദരങ്ങളെയും സ്നേഹിക്കുവാനും അവരുടെ കുറവുകൾ ക്ഷമിക്കുവാനും അവരെ നമ്മുടെ തന്നെ വളർച്ചയ്ക്കായുള്ള ദൈവത്തിന്റെ ദാനമാണെന്ന് വിശ്വസിക്കുവാനും വിയാനിയച്ചൻ നമ്മെ പഠിപ്പിക്കുന്നു. നിന്റെ സഹോദരൻ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിന് സ്വന്തം സഹോദരന്റെ കരങ്ങൾ പിടിച്ചുതന്നെ ദൈവത്തോട് ഉത്തരം പറയുവാൻ കഴിയണം.

സ്വർഗ്ഗത്തിനായി ആത്മാക്കളെ നേടുന്നതിൽ വ്യാപൃതനായിരുന്നിട്ടും ലോകത്തിന്റേതായ അംഗീകാരങ്ങൾ വിയാനിയച്ചനെ തേടിയെത്താതിരുന്നില്ല. വിയാനിയച്ചന്റെ പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് മെത്രാൻ അദ്ദേഹത്തിന് കാനാൻ സ്ഥാനവും, ഗവണ്മെന്റ് പ്രഭുസ്ഥാനവും നൽകി ആദരിച്ചു. എന്നാൽ ഇതിനോടുള്ള വിയാനിയച്ചന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: ''ഈ കടമകളാകുന്ന അംഗീകാരങ്ങളും പിടിച്ച് ഞാൻ സ്വർഗ്ഗത്തിൽ ചെന്നാൽ ഈശോ പറയും: വിയാനിയച്ചാ, നിനക്ക് കിട്ടേണ്ടതെല്ലാം താഴെ നിന്ന് കിട്ടിയില്ലേ. ഇനി ഇങ്ങോട്ട് വരണ്ട എന്ന്.''

നമ്മുടെ ജീവിതയാത്രയിൽ പേരിനും പ്രശസ്തിക്കും അധികാരത്തിനുമായി എപ്പോഴെങ്കിലും നാം പരിശ്രമിക്കുന്നെങ്കിൽ നമ്മുടെ വിളിയുടെ ലക്ഷ്യത്തിൽ നിന്നും നാം വഴുതിമാറിയെന്ന് വിയാനിയച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വയം ഉയർത്തുക എന്നതിനപ്പുറത്തേയ്ക്ക് ദൈവത്തെ മഹത്വപ്പെടുത്തുക എന്നതായിരിക്കണം നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യം.

അനുതാപം ആവശ്യമില്ലാത്ത 99 നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെ തേടിയിറങ്ങിയ പുരോഹിതനായിരുന്നു വിയാനിയച്ചൻ. ഒരിക്കൽ, കുമ്പസാരക്കൂട്ടിലിരുന്ന് കരയുന്ന വിയാനിയച്ചനോട് ഒരാൾ ചോദിച്ചു: ''പിതാവേ, അങ്ങ് എന്തിനാണ് കരയുന്നത്?'' അതിന് അദ്ദേഹം നൽകിയ ഉത്തരം: ''നിങ്ങളുടെ ആത്മാവിന്റെ സ്ഥിതിയോർത്ത് നിങ്ങൾ കരയാത്തതിനാലാണ് ഞാൻ കരയുന്നത്'' എന്നായിരുന്നു.

വി. കുമ്പസാരത്തെയും അത് ഭരമേൽപിക്കപ്പെട്ടിരിക്കുന്ന പുരോഹിതരെയും സംശയത്തോടെയും വിമർശനബുദ്ധിയോടെയും കാണുന്ന ഒട്ടേറെ സംഭവങ്ങൾ ഈ കാലഘട്ടത്തിൽ നമ്മുടെ മുന്നിലൂടെ കടന്നുപോകുന്നുണ്ട്. നിത്യപുരോഹിതനായ ഈശോയുടെ പ്രതിപുരുഷൻ എന്നതിനേക്കാൾ, മറ്റുള്ളവരുടെ കുറവുകളറിഞ്ഞ് സന്തോഷിക്കാൻ ശ്രമിക്കുന്ന സാഡിസ്റ്റുകളായി വരെ പുരോഹിതരും വി. കുമ്പസാരവും ചിത്രീകരിക്കപ്പെട്ടു. എന്നാൽ, വിയാനിയച്ചന്റെ ജീവിതം നമ്മുടെ മുമ്പിൽ പറഞ്ഞുവയ്ക്കുന്ന ഒരു കാര്യമുണ്ട്. ആത്മാർത്ഥമായി ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും, ഒരാളെയെങ്കിലും ദൈവത്തിലേയ്ക്ക് അടുപ്പിക്കണമെന്ന ആഗ്രഹത്തോടെ കുമ്പസാരക്കൂടിനെ സമീപിക്കുമ്പോൾ ദൈവം അവിടെ അത്ഭുതങ്ങൾ പ്രവർത്തിക്കും. ഇതിലൂടെ കാൽവരിയിൽ സകലർക്കും വേണ്ടി ബലിയായിത്തീർന്ന നിത്യപുരോഹിതന്റെ യഥാർത്ഥ ശിഷ്യരായി നാമോരോരുത്തരും മാറുകയാണ്.

ഒരുക്കമുള്ള കരങ്ങളിലേ അഭിഷേകം നൽകപ്പെടുകയുള്ളൂ. വി. വിയാനിയുടെ ജീവിതമാതൃക വൈദികരും വൈദികാർത്ഥികളും എത്തരത്തിലാണ് ഒരുക്കമുള്ളവരായിരിക്കേണ്ടതെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. സഭയെ സ്നേഹിക്കുക, മറ്റുള്ളവരെ ബഹുമാനിക്കുക, ലോകത്തിന്റെ ആദരവുകളേക്കാൾ ദൈവഹിതത്തിന് സ്വയം സമർപ്പിക്കുക. ഒരുക്കമുള്ള കരങ്ങളോടെ നിത്യപുരോഹിതനായ ഈശോയെ വഹിച്ചുകൊണ്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കാനും അനേകർക്കു മുമ്പിൽ സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറന്നുകൊടുക്കുവാനുമുള്ള കൃപാവരത്തിനായി വി. ജോൺ മരിയ വിയാനിയുടെ മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.